# എറണാകുളം റൂറൽ ജില്ലാ പോലീസ് സെമിനാർ സംഘടിപ്പിച്ചു.

സ്വാതന്ത്ര്യത്തിന് മുൻപ് തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് മലബാർ എന്നീ ഭാഗങ്ങളിലായി നിലനിന്നിരുന്ന പോലീസ് സേനാ വിഭാഗങ്ങളെ കേരള സംസ്ഥാന പോലീസ് സേനയായി രൂപീകരിച്ചത് 1956 നവംബർ ഒന്നാം തീയതിയാണ്. പ്രസ്തുത പുനരേകീകരണത്തിൻെറ ഓർമ്മപുതുക്കലിനോടനുബന്ധിച്ചാണ് സെമിനാർ സംഘടിപ്പിച്ചത്.

എല്ലാ പോലീസ് ജില്ലയിലും ഇത് ആചരിക്കുന്നതിൻെറ ഭാഗമായി, ആലുവായിലുള്ള എറണാകുളം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫ്രൻസ് ഹാളിൽ വച്ച് **ഇന്ന്** 01-11-18 **രാവിലെ 10.00** മണിക്ക് "നവകേരള സൃഷ്ടിക്കായി പോലീസിൻെറ പങ്ക്" എന്ന വിഷയത്തെ സംബന്ധിച്ച് ഒരു സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ ബഹു. ആലുവ എം.എൽ.എ ശ്രീ.അൻവർ സാദത്ത്, FISAT ചീഫ് അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ ശ്രീ.പ്രകാശ്.പി.ചാണ്ടി, ജില്ലാ പോലീസ് മേധാവി രാഹുൽ ആർ. നായർ ഐ.പി.എസ്, SCMS കോളേജ് ഓട്ടോമൊബൈൽ എൻജിനിയറിംഗ് വിഭാഗത്തിലെ HOD ശ്രീ.മനോജ് കുമാർ, കോതമംഗലം M.A എൻജിനിയറിംഗ് കോളേജ് സിവിൽ ഡിപ്പാർട്ട്മെൻറിലെ പ്രൊഫസർ.ബിബിൻ പോൾ, അഡ്വ.സ്മിതാ ഗോപി, എന്നിവർ പങ്കെടുത്ത ചടങ്ങിൽ എറണാകുളം റൂറൽ ജില്ലാ അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി എസ്.ദേവമനോഹർ മോഡറേറ്റർ ആയി പങ്കെടുത്തു.

നവകേരള സൃഷ്ടിക്കായി നവീനരീതിയിലുള്ള ശാസ്ത്രീയ ബുദ്ധിയും, മനുഷ്യസാധ്യമായ ആധുനിക സാങ്കേതിക വിദ്യയും ഉപയോഗിച്ച് കുറ്റകൃത്യങ്ങളിലും, പരാതികളിലും ഉണ്ടാകുന്ന നടപടിക്രമങ്ങളിലെ കാലതാമസങ്ങൾ കുറക്കാൻ കഴിയണമെന്ന് വിവിധ രംഗത്തെ വിദഗ്ധർ അഭിപ്രായപ്പെട്ടു. പുതിയ കാലഘട്ടത്തിനനുസരിച്ച് കേസ്സുകളുടെ വർധനവും, കേസ്സുളുടെ സ്വഭാവരീതികളും മാറിയതിനാൻ കുറ്റമറ്റരീതിയിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസിൻെറ അംഗബലം കൂട്ടേണ്ടതുണ്ടതിൻെറ ആവിശ്യം യോഗം വിലയിരുത്തി. ജനമൈത്രി പോലിസ് ഇനിയും കൂടുതൽ ജനസൗഹൃതമായാൽ അത് നവകേരളസൃഷ്ടിക്ക് ക്രിയാത്മകമായ ചുവടുവപ്പാകുമെന്ന് അഭിപ്രായപ്പെട്ടു. ജില്ലയിലെ 1914 മുതലുള്ള ആയുധങ്ങളും, വെടിക്കോപ്പുകളും പ്രദർശത്തിന് ഉണ്ടായിരുന്നു. ഇതിനോട്അനുബന്ധിച്ച് ഫോട്ടോ പ്രദർശനവും ഉണ്ടായിരുന്നു.


എറണാകുളം റൂറൽ ജില്ലാപോലീസ് സംഘടിപ്പിക്കുന്ന
ജില്ലാതല സെമിനാർ
നവകേരള സൃഷ്ടിക്കായി
പോലീസിന്റെ പങ്ക്
2018 നവംബർ 1 വ്യാഴാഴ്ച രാവിലെ 10 മണിക്ക്
ജില്ലാ പോലീസ് കോൺഫറൻസ് ഹാൾ, ആലുവ
DISTRICT POLICE OFFICE
ERNAKULAM RURAL
ALUVA
KERALA POLICE
KERALA POLICE
ERANAKULAM RURAL

